448/CEK/19

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-753/2012/സിഇ/തസ്വഭവ** **തീയതി 19/03/2019**

# സർക്കുലർ

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) - റോഡ് നിർമ്മാണത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന : 29.05.2017-ന് തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗത്തിലെ നിർദ്ദേശം

മേൽ സൂചന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ, 20% റോഡ് പ്രവൃത്തികളിലും പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിക്കുകയും ആവശ്യമായ Shredded plastic സ്റ്റോക്കിൽ ലഭ്യമാണ്.

2019-20 സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ സാങ്കേതികാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ നിർബന്ധമായും മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റോഡ് ടാറിംഗ് പ്രവൃത്തികളുടെ 20% പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും (ത്രിതല പഞ്ചായത്ത്), ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ (മുനിസിപ്പാലിറ്റികൾ), കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സാങ്കേതികാനുമതി നൽകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച്, മേൽ കാര്യം സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥനും, ടാറിംഗ് പ്രവൃത്തി നടപ്പിലാക്കുമ്പോൾ Shredded Plastic ഉപയോഗിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതും വിശദാംശങ്ങൾ ഈ ഓഫീസിൽ ഉചിത മാർഗ്ഗേന റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ചീഫ് എഞ്ചിനീയർ**

P 300